ശ്രീ. ടി. വി. ദിവാകരൻ : ഈ വക്ക് എസ്റ്റാബ്ലിഷ്മെൻറുകാരെ പെൻഷണബിൾ ആക്കുന്ന കാര്യം ആലോചിച്ചു തുടങ്ങിയിട്ട് എത്ര നാളായി ?

ശ്രീ. കെ. ഐ. വേലായുധൻ : ഒന്നരണ്ടു കൊല്ലങ്ങൾ കഴിഞ്ഞിട്ടുള്ളതാണ്.

ശ്രീ. ടി. കെ. ദിവാകരൻ : പബ്ലിക്ക് സർവ്വീസ് കമ്മീഷൻ ഇതു സംബന്ധിച്ചു എന്തെങ്കിലും അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : അതിനു നോട്ടീസുവേണം.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഈ വക്ക് എസ്റ്റാബ്ലിഷ്മെൻറിൽ കൊച്ചിവിഭാഗത്തിൽപ്പെട്ടവരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : ഇല്ല.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : എത്രകൊല്ലംവരെ സർവ്വീസുള്ള ആളുകൾ ഈ വിഭാഗത്തിലുണ്ട് ?

ശ്രീ. കെ. ഐ. വേലായുധൻ : പലരെക്കൊല്ലം സർവ്വീസുള്ള ആളുകൾ ഉണ്ട്.

ലോഹമണൽ സമ്പത്ത്.

* 672. [8] ശ്രീ. വി. ശ്രീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുള്ള ലോഹമണൽ സമ്പത്ത് ഉപയോഗപ്പെടുത്തുവാൻ ഈ ഗവണ്മെൻറ് രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന നിർദ്ദേശങ്ങൾ പ്രയോഗത്തിലാക്കുമോ ;

(ബി) യുറേനിയത്തിൻറെ അംശം വളരെ കൂടുതൽ അടങ്ങിയിട്ടുണ്ടെന്നു തെളിഞ്ഞിരിക്കുന്ന ആറാറിപ്രായിലെ ലോഹമണൽ സമ്പത്ത് ഉപയോഗപ്പെടുത്തുവാൻ വല്ല നിർദ്ദേശവും പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) അതെ

(ബി) ഇല്ല.

(സി) ആറാറിപ്രായിലെ ലോഹമണൽ സമ്പത്തു സംബന്ധിച്ചു കൂടുതൽ അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്നു.

ശ്രീ. വി. ശ്രീധരൻ : അതുസംബന്ധിച്ചു പ്രാരംഭവേലകൾ നടന്നിട്ടുണ്ടെന്നു പറഞ്ഞു. അതിൻറെ ഫലമെന്താണെന്നു പറയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അവിടെ കൂടുതൽ അന്വേഷണം നടത്തണമെന്നു ഗവണ്മെൻറിനു ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ശ്രീധരൻ : എത്രയും കുടുതൽ പ്രാധാന്യമർഹിക്കുന്ന മണലാണ് അവിടെയുള്ളത് എന്ന് ഗവണ്മെൻറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അവിടെ യുറേനിയം ഉണ്ടോ എന്നും അതെത്രകണ്ടു ലഭിക്കുമെന്നും അറിയുന്നതിനുവേണ്ടി ഇപ്പോൾ അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്.

ടാക്സ് പെർമിറ്റ്.

* 673 [9] ശ്രീ. സി. എ. മാത്യു : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്തു് 'ടാക്സ് പെർമിറ്റ്' ഉള്ള ലോറികൾ എത്ര; കാറുകൾ എത്ര; പ്രൈവറ്റ് ബസ്സുകൾ എത്ര ;

(ബി) ഓരോന്നിനും ഈടാക്കിവരുന്ന ടാക്സ് എന്താണ് ; ഈ ഇനത്തിൽ 1954-55 വർഷത്തിൽ എത്ര രൂപ ഗവണ്മെൻറിനു ലഭിച്ചു;

(സി) ഈ വർഷത്തിൽ ടാക്സ് കുടിശ്ശിക വരുത്തിയിട്ടുള്ള വാഹനങ്ങൾ എത്രയാണ് ;

(ഡി) സംഖ്യത്തികാധിപത്യത്തെ മുൻനിറുത്തി വാഹനങ്ങളുടെ ടാക്സിൽ എന്തെങ്കിലും കുറവു വരുത്തുന്നതിനെപ്പറ്റി ആലോചനയുണ്ടോ ;

(ഇ) വാഹനങ്ങൾക്കുള്ള 3rd party ഇൻഷ്വറൻസ് ഇനത്തിൽ 1954-55 വർഷത്തിൽ എത്ര തുക ലഭിച്ചു; ഇതിൽ എത്ര തുക അപകടത്തെപ്പറ്റിയുള്ള അന്വേഷണത്തിനായി വന്നിട്ടുണ്ട് ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) പെർമിറ്റുള്ള ലോറികൾ 2331. കാറുകൾ 460. ബസ്സുകൾ 1452.

(ബി) മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ ആക്ട്പ്രകാരം 20-7-1955-ൽ മൂന്നാം നമ്പരായി പുറപ്പെടുവിച്ചിട്ടുള്ള നോട്ടിഫിക്കേഷനിൽ കൊടുത്തിട്ടുള്ള ഷെഡ്യൂൾ അനുസരിച്ചാണ് ടാക്സ് ഈടാക്കുന്നത്.

1954-55-ൽ ലഭിച്ചിട്ടുള്ള ടാക്സ്.

	രൂ.	ണ.	സ.
ലോറികൾ	2401578	14	7
കാറുകൾ	83965	0	0
ബസ്സുകൾ	2557074	9	3

(സി) ലോറികൾ 674, കാറുകൾ 89, ബസ്സുകൾ 379.

(ഡി) ബസ്സുകളുടെ ടാക്സിൽ കുറവു വരുത്തിയിട്ടുണ്ട്.

(ഇ) 1954-55-ൽ തേഡ് പാർട്ടി ഇൻഷ്വറൻസ് പ്രീമിയം വഴി ലഭിച്ചതുക 569895 രൂ. പ്രസ്തുത കൊല്ലത്തിൽ കമ്പൻസേഷൻ കൊടുത്തതുക 34086 രൂ. 8ണ. 0 പൈസ.

LIBRARY ARCHIVES Kerala Legislative Assembly